## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2249 — 09. 12. 2014 ൽ മറുപടിക്ക്

### ഉപയോഗ ശൂന്യമായ സി.എഫ്. ലാമ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | ഉപയോഗ ശൂന്യമായ സി.എഫ്. ലാമ്പുകൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിലൂടെ അതിലടങ്ങിയിരിക്കുന്ന മെർക്കുറി വായുവിലും വെള്ളത്തിലും കലർന്ന് ഉണ്ടാകുന്ന പരിസരമലിനീകരണം തടയുന്നതിനായി ഉപയോഗ ശൂന്യമായ സി.എഫ്.ലാമ്പുകൾ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള രൂപരേഖ എനർജി മാനേജ്മെന്റ് സെന്റർ തയ്യാറാക്കിയിട്ടുണ്ടോ? | (എ) & (ബി) | ഉപയോഗശൂന്യമായ സി.എഫ്.എൽ കൾ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള പദ്ധതി എനർജി മാനേജ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കുള്ള വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഐ.ആർ.ജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 3 മാസത്തിനകം റിപ്പോർട്ട് നൽകണം എന്ന വ്യവസ്ഥയോടെ അനുമതി നൽകിയിട്ടുണ്ട്. പഠന സംബന്ധമായ പുരോഗതി റിപ്പോർട്ടുകൾ ഇ.എം.സിയിൽ സമർപ്പിച്ചിട്ടുണ്ട്. മഴ കാരണം ഫീൽഡ് സർവ്വേ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടതുകൊണ്ട് അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ കൂടുതൽ സമയം അനുവദിക്കണമെന്ന ഐ.ആർ.ജി. സിസ്റ്റംസിന്റെ അപേക്ഷ പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2014 ഡിസംബർ 27 വരെ സമയം നൽകിയിട്ടുണ്ട് |
| (ബി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ